ഭാഗ്യക്കുറിയിൽനിന്നുള്ള വരുമാനം

35(301) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്നു കൊല്ലത്തെ ലോട്ടറിയിൽനിന്നുമുള്ള വരുമാനം എത്രയാണ്;

(സി) ജനങ്ങളുടെ ഭാഗ്യക്കുറിയോടുള്ള താല്പര്യം കണക്കിലെടുത്ത് എല്ലാ ദിവസവും നറുക്കെടുക്കുന്ന വിധത്തിലുള്ള ഭാഗ്യക്കുറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1997-98-1,05,32,50.636/രൂപ

1998-99-1,12,01,80,580/-രൂപ

1999-2000-1, 01,38,30,047/രൂപ

(സി) ഇപ്പോൾ സംസ്ഥാന ലോട്ടറി ആഴ്ചയിൽ നാലുദിവസം നറുക്കെടുപ്പു നടത്തുന്നുണ്ട്. എല്ലാ ദിവസവും നറുക്കെടുപ്പു നടത്തുന്നകാര്യം പരിഗണനയിലില്ല.

ലോട്ടറി നിരോധനം

36 (302)ശ്രീമതി രാധാരാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് ലോട്ടറിക്ക് നിരോധനം ഏർപ്പെടുത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാന ഗവൺമെന്റ് നടത്തുന്ന ലോട്ടറിയെ ഈ നിയമനിർമ്മാണത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. നിയമ നിർമ്മാണംമൂലം എല്ലാത്തരം ലോട്ടറികളും നിരോധിക്കുന്നത് നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക, തൊഴിൽമേഖലകളെ പ്രതികൂലമായി ബാധിക്കുമെന്നും ആയതിനാൽ സംസ്ഥാന സർക്കാർ ലോട്ടറികൾ നിലനിർത്തേണ്ടത് അനിവാര്യമാണെന്നും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly